## ജയിലുകളിലെ അഴിമതി തടയാൻ നടപടി

2 [*2] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആരോപണ വിധേയരായ ജയിൽ ജീവനക്കാർക്ക് എതിരെ നടപടി എടുത്തിട്ടുണ്ടോ;

(ഡി) വിശദാംശങ്ങൾ അറിയിക്കാമോ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഉണ്ട്.

(ബി) ജയിൽ വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി എല്ലാ ജയിലുകളിലും പൊതുജനങ്ങളുടെ ശ്രദ്ധക്കായി കൈക്കൂലി വാങ്ങുന്നതും കൊടുക്കുന്നതും കുറ്റകരമാണെന്നും ഉദ്യോഗസ്ഥർ കൈക്കൂലിയോ, പാരിതോഷികമോ ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അധികാരികളെ അറിയിക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തിയ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

ജയിൽ ജീവനക്കാർ ഓരോ ദിവസവും ഡ്യൂട്ടിയിൽ പ്രവേശിക്കുന്നതിനു മുൻപ് അവരുടെ പക്കലുള്ള പണത്തിന്റെ കണക്ക് കൃത്യമായും 'പേഴ്സണൽ കാഷ് രജിസ്റ്റർ'-ൽ രേഖപ്പെടുത്തി അതാത് സ്ഥാപനമേധാവിയെ ബോധ്യപ്പെടുത്തേണ്ടതാണ് എന്നുള്ള സർക്കുലർ ഓരോ സ്ഥാപനത്തിനും നൽകിയിട്ടുണ്ട്.

വകുപ്പദ്ധ്യക്ഷന്റെയും, മേഖലാ ഡി. ഐ. ജി. മാരുടേയും മുന്നറിയിപ്പ് ഇല്ലാതെയുള്ള സന്ദർശനങ്ങളും ജയിൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് നിയോഗിച്ച സ്പെഷ്യൽ സ്ക്വാഡിന്റെ മിന്നൽ പരിശോധനകളും അഴിമതി തടയുന്നതിന് സഹായകരമാകുന്നുണ്ട്.

തടവുകാർക്ക് നൽകുന്ന ഭക്ഷണ സാധനങ്ങൾ വാങ്ങുന്നതിൽ തിരിമറി നടക്കാതിരിക്കുന്നതിനുവേണ്ടി സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മാത്രമായി ആ സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

ജയിലുകളിൽ കോടതി നേരിട്ട് സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികൾക്ക് പുറമെ വകുപ്പദ്ധ്യക്ഷന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള പരാതിപ്പെട്ടികൾ തിരുവനന്തപുരം, വിയ്യൂർ എന്നീ ലസൻട്രൽ ജയിലുകളിൽ സ്ഥാപിച്ചതും അഴിമതി നിയന്ത്രിക്കുന്നതിന് സഹായകരമാകുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

വകുപ്പദ്ധ്യക്ഷൻ ആവശ്യപ്പെട്ട പ്രകാരം സംസ്ഥാനത്തെ വിവിധ ജയിലുകളിൽ വിജിലൻസ് വിഭാഗം മിന്നൽ പരിശോധനകൾ നടത്തി ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കോഴിക്കോട്, ജില്ലാ ജയിൽ, കൊട്ടാരക്കര സബ് ജയിൽ, പെരിന്തൽമണ്ണ സബ്ജയിൽ എന്നിവിടങ്ങളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ കുറ്റക്കാരായി കണ്ട ഒരു സബ്ജയിൽ സൂപ്രണ്ട്, 2 ഹെഡ് വാർഡർമാർ, 2 വാർഡർമാർ എന്നിവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇവർക്കെതിരെ അച്ചടക്ക നടപടികൾ തുടർന്നു വരുന്നു.

തിരുവനന്തപുരം സെൻട്രൽ ജയിലിൽ മുന്നറിയിപ്പ് കൂടാതെ നടത്തിയ സ്റ്റോക്ക് പരിശോധനയിൽ ഭക്ഷണ സാധനങ്ങളുടെ അളവിൽ കുറവുള്ളതായും കൂടുതലുള്ള തായും കണ്ടെത്തിയിട്ടുണ്ട്. അനധികൃതമായി സൂക്ഷിച്ചുവച്ചിരുന്ന 809.800 കി. ഗ്രാം ചന്ദനത്തടി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള നിരുത്തരവാദപരമായ പ്രവൃത്തിയുടെ അടിസ്ഥാനത്തിലും ജയിൽ ഭരണത്തിൽ വരുത്തിയ വീഴ്ചകളുടെ അടിസ്ഥാനത്തിലും 25-1-2006-ലെ ജി. ഒ. (ആർ. റ്റി.) 209/2006/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം തിരുവന്തപുരം സെൻട്രൽ ജയിൽ സൂപ്രണ്ടിനെ തൽസ്ഥാനത്ത് നിന്ന് മാറ്റി നിയമിച്ചിട്ടുണ്ട്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ജയിലുകളിലെ അഴിമതി നമുക്ക് ഏറ്റവും ദുഃഖകരമായിട്ടുള്ള അനുഭവമാണ്. ഇത് പരിഹരിക്കാൻവേണ്ടിയുള്ള മിന്നൽ പരിശോധനയും, അതുപോലെതന്നെ മിന്നൽ സ്ക്വാഡിന്റെ രൂപീകരണവും, ഭക്ഷണസാധനങ്ങൾ വാങ്ങുമ്പോൾ അതിനാവശ്യമായിട്ടുള്ള മുൻകരുതലുകൾ നടത്തുന്നതും വളരെ നല്ലതാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ പെരിന്തൽമണ്ണയിലെയും, കൊട്ടാരക്കരയിലെയും, തിരുവനന്തപുരത്തേയും, അതുപോലുള്ള പല ജില്ലകളിലേയും ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്തതും ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള ഏറെ നല്ല നിലപാടുകളാണ്. ഇങ്ങനെയൊക്കെയുള്ള കുറ്റകൃത്യങ്ങൾ നമ്മുടെ ജയിലുകളിൽ നടക്കുന്ന സന്ദർഭത്തിൽ നമ്മുടെ പല കൂറ്റവാളികൾക്കും ശക്തിയും പ്രചോദനവും കൊടുക്കുന്ന നിലയിലും അതുപോലെ ചില ഉദ്യോഗസ്ഥന്മാരെ സഹായിക്കുന്ന നിലയിലും പൊളിറ്റിക്കൽ പാർട്ടികൾ ചില യൂണിറ്റുകൾ രൂപീകരിച്ച് അവിടെ ആവശ്യമില്ലാത്ത നിലയിൽ ആവേശം കൊടുക്കുന്ന രീതി നമ്മുടെ കേരള സംസ്ഥാനത്ത് പല ജില്ലകളിലും കൂടിക്കൂടി വരികയാണ്. അതുകൊണ്ട് ഈ ജില്ലകളിൽ പൊളിറ്റിക്കൽ പാർട്ടികളുടെ യൂണിറ്റുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് അതീവ ജാഗ്രത പുലർത്തുകയും അത് പൂർണ്ണമായി ഇല്ലാതാക്കുന്നതിന് കർശനമായിട്ടുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ജയിലുകളിൽ പൊളിറ്റിക്കൽ പാർട്ടികളുടെ പ്രവർത്തനം അനുവദിക്കാറില്ല. അത് ജയിൽ അധികൃതർ അംഗീകരിക്കാറുമില്ല. പിന്നെ ഇങ്ങനെ ചില പരാതികൾ പേപ്പറിലും മറ്റും കാണാറുണ്ട്. അതിനെപ്പറ്റി തീർച്ചയായിട്ടും ഗവൺമെന്റ് അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ: ജയിലിൽ ജീവപര്യന്തം ശിക്ഷയ്ക്ക് വിധിക്കപ്പെട്ട് ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുന്ന തടവുകാർ പലപ്പോഴും പരോളിൽ ഇറങ്ങി കുറ്റകൃത്യങ്ങൾ ചെയ്യുന്നതായിട്ടുള്ള വാർത്തകൾ വായിക്കാറുണ്ട്. അത് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. അതുപോലെ ജീവപര്യന്തം ശിക്ഷയ്ക്ക് വിധിക്കപ്പെട്ടിട്ടുള്ള കുറ്റവാളികൾക്ക് ജീവപര്യന്തം എന്നുപറയുന്ന ആ പീരിയഡ് കഴിയാതെ അവരെ ജയിലുകളിൽ നിന്ന് അയയ്ക്കരുതെന്നും കഴിഞ്ഞ ദിവസം ഒരു കോടതി ഉത്തരവിൽ പറയുകയുണ്ടായി. അതിനെ സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ, അത് നടപ്പിലാക്കുന്നതിന് വല്ല തീരുമാനവും ഗവൺമെന്റിന്റെ മുന്നിലുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: പരോൾ അനുവദിക്കുക എന്നത് ചട്ടം അനുശാസിക്കുന്നതാണ്. അതിന് വിപരീതമായിട്ട് കൊടുക്കുന്നെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം. പക്ഷെ ഈ ചോദ്യം പരോളിനെക്കുറിച്ചേയല്ലാ ജയിലിലെ അഴിമതിയെക്കുറിച്ച് മാത്രമാണ്.

ശ്രീ. തോമസ് ചാഴികാടൻ: സർ, ജയിലിലെ അഴിമതി തടയുന്നതിനായി ഡി. ജി. പി. സ്പെഷ്യൽ സ്ക്വാഡിനെ നിയമിക്കുകയും അതിനുശേഷം ജയിലിൽ വരികയും പോകുകയും ചെയ്യുന്ന ഉദ്യോഗസ്ഥൻമാർ ക്യാഷ് രജിസ്റ്ററിൽ അവരുടെ കയ്യിലുള്ള ക്യാഷിന്റെ കണക്ക് എഴുതാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവെന്ന് അങ്ങയുടെ മറുപടിയിൽ വളരെ വ്യക്തമായി പറയുകയുണ്ടായി. തീർച്ചയായിട്ടും അങ്ങേയറ്റത്തെ ശ്ലാഘനീയമായ കാര്യമാണ്. പക്ഷെ ജയിലുകളിൽ കഞ്ചാവുപോലുള്ള മയക്കുമരുന്ന് എത്തിക്കുന്നതിന് ജയിൽ ഉദ്യോഗസ്ഥൻമാരുടെ സഹകരണത്തോടുകൂടി വീണ്ടും നടപടികൾ ഉണ്ടാകുന്നുണ്ട് എന്ന വാർത്തകൾ വരുന്നുണ്ട്. യഥാർത്ഥത്തിൽ ജയിലിലുകളിൽ വരുന്ന കുറ്റവാളികളെ കൂടുതൽ കുറ്റവാളികളാക്കുന്ന സാഹചര്യത്തിലേക്കാണ് ഇത് നയിക്കുക. ക്യാഷ് രജിസ്റ്റർ സൂക്ഷിക്കുന്നതോടൊപ്പംതന്നെ മയക്കുമരുന്നും മദ്യവും പോലുള്ള സാധനങ്ങൾ ജയിലുകളിൽ കൊണ്ടുവരാതിരിക്കാനുള്ള എന്തു നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വക്കം പുരുഷോത്തമൻ: ഇപ്പോൾ വരുന്നവരെയെല്ലാം പരിശോധിച്ചാണ് കടത്തിവിടുന്നത്. അതുകൊണ്ട് വരാനെളുപ്പം സാധിക്കുന്നതല്ല. എന്നുവിചാരിച്ചിട്ട് പരിപൂർണ്ണമായി അത് ഇല്ല എന്നൊന്നും അവകാശപ്പെടുന്നില്ല. ഗവൺമെന്റ് അതിനെ ചെറുക്കുന്നതിനുള്ള നടപടികളെക്കുറിച്ചാണ് ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളത്. എല്ലാ രീതിയിലും ചെറുക്കുന്നതിനുള്ളതാണ്. സ്ക്വാഡ്, പ്രത്യേകമായിട്ട് ജയിൽ ഡി. ജി. പി. യുടെ സ്ക്വാഡുണ്ട്. അതിന്റെ ചെക്കിംഗ് ഉണ്ട്. പിന്നെ ജയിലിലുള്ള എല്ലാ ആളുകളും മോശക്കാരല്ലല്ലോ, അതുകൊണ്ട് ഈ പരാതിപ്പെട്ടി വളരെ ഇഫക്ടീവാണ്. സബ്ജയിലു കളടക്കമുള്ള എല്ലാ സ്ഥലത്തും ഡിസ്ട്രിക്ട് ജഡ്ജിന്റെ പെട്ടിയുണ്ട്. അത് എല്ലാ മാസവും പരിശോധിക്കും. കൊള്ളാവുന്ന മനുഷ്യർ ഇതിനകത്ത് ഉണ്ടല്ലോ, അങ്ങനെയുണ്ടെങ്കിൽ അക്കാര്യം അവിടെയെഴുതിയിട്ടാൽ എല്ലാം മനസ്സിലാക്കി നടപടിയെടുക്കും. അതുപോലെ ഡി. ജി. പി. യുടെ രണ്ടു പെട്ടി വച്ചിട്ടുണ്ട്. രണ്ടാഴ്ചയിലൊരിക്കൽ തുറക്കും. അതിലും ഈ പരാതിയുണ്ടെങ്കിൽ എഴുതിയിടാം. കഴിയുന്നതും ഇത് ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാഴികാടൻ: അഴിമതി കാണിക്കാൻ സ്ഥിരം ജീവനക്കാർക്കായാലും താൽക്കാലിക ജീവനക്കാർക്കായാലും സാധിക്കും. പക്ഷെ ജയിലുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമിക്കപ്പെടുന്ന താൽക്കാലിക ജീവനക്കാർക്ക് അഴിമതി നടത്താനുള്ള സാഹചര്യം കൂടുതൽ ഉണ്ടാകുന്നുണ്ട് എന്നുള്ള പരാതി വരാറുണ്ട്. ജയിലുകളിൽ നിർബന്ധമായും പരിശീലനം ലഭിച്ച ആളുകളെ മാത്രമേ നിയമിക്കാവൂ എന്നും പി. എസ്. സി. വഴിയുള്ള അപ്പോയന്റ്മെന്റിലൂടെ മാത്രമേ നിയമിക്കാവൂ എന്നും അവർക്കാവശ്യമായ പരിശീലനം നൽകി ജയിലുകളിൽ പ്രവർത്തിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകി അവരെ പരിശീലിപ്പിച്ചശേഷം മാത്രമേ നിയമിക്കാവൂ എന്നും നിർദ്ദേശം നൽകുമോ?

മി. സ്പീക്കർ: എന്തിനുള്ള പരിശീലനമാണ്?

ശ്രീ. വക്കം പുരുഷോത്തമൻ: പരിശീലനം കൊടുത്താണ് നിയമിക്കുന്നത്. പിന്നെ പി. എസ്. സി. ലിസ്റ്റ് ഇല്ലെങ്കിൽ ഏറ്റവും വേഗം തന്നെ പേരു തരുന്നതിനും പി. എസ്. സി.-ക്ക് എഴുതുന്നതിനും നിർദ്ദേശം കൊടുക്കാം. അതല്ലാതെ അടിയന്തിരമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് എടുക്കാതിരിക്കാൻ ഒക്കില്ല. പി. എസ്. സി. ലിസ്റ്റ് ഉടനെതന്നെ തരുന്നതിന് നടപടി സ്വീകരിക്കാം.

ശ്രീ. കെ. നാരായണക്കുറുപ്പ്: ജയിലുകളെപ്പറ്റി ഒരുപാട് പരാതി കിട്ടിയതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഏതെങ്കിലും ഒരു പരാതിയിൻമേൽ നടപടിയെടുത്ത് ഈ പരാതിക്ക് വിധേയരായ ഉദ്യോഗസ്ഥൻമാരെ ശിക്ഷിച്ചതായി കേട്ടിട്ടുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: അന്വേഷിച്ച് ശിക്ഷിച്ചിട്ടുള്ള ചില കേസ്സുകളെക്കുറിച്ച് ഞാൻ മെയിൻ ചോദ്യത്തിൽതന്നെ പറഞ്ഞിട്ടുണ്ട്. അല്ലാതെയും ഉണ്ട്.

ശ്രീ. കെ. നാരായണക്കുറുപ്പ്: ഞാൻ നടപടി ക്രമങ്ങളെപ്പറ്റിയല്ല, ഈ ജയിലുകളെപ്പറ്റി നാം പരാതി പറയുന്നു. സമാധാനം പറയുന്നു. എന്നല്ലാതെ ശരിയായി ഈ പരാതികൾക്ക് നടപടിയെടുത്ത് ഉദ്യോഗസ്ഥൻമാരെയോ അല്ലെങ്കിൽ പരാതിക്ക് വിധേയരായിട്ടുള്ളവരെയോ ശിക്ഷിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ഈ പരാതികൾ യഥാർത്ഥത്തിൽ കുറയുമായിരുന്നു. ഇന്ന് നടപടി, ചോദ്യം, ഉത്തരം എന്ന രീതിയിൽ പോകുന്നതിൽനിന്ന് വ്യത്യസ്തമായി എന്തെങ്കിലും ഉണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: ചില ആളുകളെ സസ്പെന്റ് ചെയ്ത കാര്യവും ഞാൻ ഇവിടെ വായിച്ചു. നടപടിയെന്നുള്ള നിലയിൽ സസ്പെൻറ് ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്.

ശ്രീ. കെ. നാരായണക്കുറുപ്പ്: ശ്രീ. തോമസ് ഉണ്ണിയാടൻ ചോദ്യം ചോദിച്ചപ്പോൾ ബോർഡിന്റെ കാര്യവും പരാതിപ്പെട്ടിയുടെ കാര്യവും പറഞ്ഞു. ഈ പെട്ടിയും ബോർഡും ഇന്നും അവിടെ നിലവിലുണ്ടായെന്ന് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: ആ പെട്ടികൾ വെച്ചിട്ടുള്ളത് ഡിസ്ട്രിക്ട് ജഡ്ജാണെന്ന് മനസ്സിലാക്കണം. ഗവൺമെന്റല്ല, അതെല്ലാ മാസവും അവർ പരിശോധിക്കുന്നുണ്ട്. ഡി. ജി. പി. വച്ചിട്ടുള്ള പെട്ടി അദ്ദേഹം പരിശോധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സർ, അഴിമതിക്കാരായ ജയിൽ ഉദ്യോഗസ്ഥൻമാരെ പൊതുവിൽ സംരക്ഷിക്കുന്ന നിലപാടാണ് സംസ്ഥാനത്തെ ആഭ്യന്തരവകുപ്പ് സ്വീകരിക്കുന്നതെന്നുള്ള ആക്ഷേപം വ്യാപകമാണ്. ആ ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗവൺമെന്റ് അങ്ങനെ ആരെയും സംരക്ഷിക്കുന്നില്ല. അങ്ങനെ ഒരു അഴിമതിക്കാരനെയും ഗവൺമെന്റ് സംരക്ഷിക്കുന്നില്ല. അങ്ങനെയുള്ള ഒരു നടപടിയും ഗവൺമെന്റിന്റെ പക്കലില്ല.

ശ്രീ. കെ. മോഹൻ കുമാർ: ജയിലുകൾക്കുള്ളിലെ കുറ്റവാളികൾക്ക് മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള ആധുനിക കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ ലഭ്യമാണെന്ന് വാർത്തകളുണ്ട്. മറുപടിയിൽതന്നെ സൂക്ഷിച്ച് വയ്ക്കപ്പെട്ടിരുന്ന ചന്ദനത്തടിയുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. ജയിലുകളിൽ ആവശ്യത്തിനുള്ള ഉദ്യോഗസ്ഥൻമാർ ഇല്ലാത്തതും അവർക്ക് മനഃശാസ്ത്രം, നിയമം, സാമൂഹ്യക്ഷേമം തുടങ്ങിയ കാര്യങ്ങളിൽ പരിശീലനം ഇല്ലാത്തതും വലിയ അപാകതയായി ചില കമ്മീഷനുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കൂടുതൽ ഉദ്യോഗസ്ഥൻമാരെ വിന്യസിപ്പിക്കാനും അവർക്ക് മതിയായ പരിശീലനം നൽകാനും ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കാമോ?

ശ്രീ. വക്കം പുരുഷോത്തമൻ: ഉദ്യോഗസ്ഥരുടെ കുറവാണെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെയുണ്ടെങ്കിൽ അത് പരിശോധിക്കാം.

ശ്രീ. ടി. എം. ജേക്കബ്: ജയിൽ ഡി. ജി. പി. ഈ സംഭവങ്ങളെത്തുടർന്ന് ഗവൺമെന്റിലേക്ക് സമർപ്പിച്ച ചില ശുപാർശകൾ ഗവൺമെന്റ് നടപ്പിലാക്കിയിട്ടില്ല എന്നുള്ള ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സി., ഡി എന്നീ ഉപ പിരിവുകൾക്ക് നൽകിയ മറുപടിയിൽ തിരുവനന്തപുരം സെൻട്രൽ ജയിലിലെ ചന്ദനത്തടിയുമായിബന്ധപ്പെട്ട കേസ് പറഞ്ഞു. അതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ സ്ഥലംമാറ്റിയെന്നു പറഞ്ഞു. അതൊരു അച്ചടക്ക നടപടി അല്ല. എന്തുകൊണ്ടാണ് അദ്ദേഹത്തിനെതിരായി കാര്യമായ നടപടി സ്വീകരിക്കാത്തത്?

ശ്രീ. വക്കം പുരുഷോത്തമൻ: അതിനെക്കുറിച്ചുള്ള അന്വേഷണം നടക്കുന്നു. അതിന്റെ ഫസ്റ്റ് സ്റ്റെപ്പ് എന്നുള്ള രീതിയിൽ അന്വേഷണം നടന്നതിനുശേഷം മറ്റ് നടപടികളെടുത്ത് മുന്നോട്ട് പോകും.

ശ്രീ. ടി. എം. ജേക്കബ്: സസ്പെൻഡ് ചെയ്യാമായിരുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ: സസ്പെന്റ് ചെയ്യാമായിരുന്നു എന്നുള്ളത്, തൽക്കാലം സസ്പെൻഡ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)